ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1013

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 27 – 29

കർമജീവിതത്തെ വിചാരണ ചെയ്യണമെങ്കിൽ ഈ ലോകത്ത് ജനിച്ചു മരിച്ച അനന്തകോടി മനുഷ്യരിൽ ഓരോരുത്തരുടെയും ജനനം മുതൽ മരണം വരെയുള്ള ചലനങ്ങളോരോന്നും കൃത്യമായി അറിഞ്ഞിരിക്കണമല്ലോ; അത്രയൊന്നും ദൈവം അറിയുന്നുണ്ടാവില്ല എന്ന് വിചാരിക്കേണ്ട. അവന്റെ കണ്ണും കാതും സദാ നിങ്ങളിലുണ്ട്. യാതൊന്നും ഒരിക്കലും അവന്റെ അറിവിനതീതമാകുന്നില്ല.

وَلَوْ أَنَّمَا فِي الْأَرْضِ مِن شَجَرَةٍ أَقْلَامٌ وَالْبَحْرُ يَمُدُّهُ مِن بَعْدِهِ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَاتُ اللَّهِ ۗ إِنَّ اللَّهَ عَزِيزٌ حَكِيمٌ ﴿٢٧﴾

27. ഭൂമിയിലുള്ള മരങ്ങളൊക്കെയും പേനകളാവുകയും സാഗരം മഷിയാവുകയും വേറെ സപ്ത സാഗരങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നുവെങ്കിലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുന്നതല്ല. നിസ്സംശയം, അല്ലാഹു അജയ്യനും അഭിജ്ഞനുമത്രെ.

**27**

وَلَوْ أَنَّمَا فِي الْأَرْضِ مِن شَجَرَةٍ = മരത്താൽ ഭൂമിയിലുള്ളത് (ഭൂമിയിലുള്ള മരങ്ങളൊക്കെയും)

أَقْلَامٌ = പേനകൾ وَالْبَحْرُ = സമുദ്രം (മഷിയാവുകയും)

يَمُدُّهُ مِن بَعْدِهِ = അതിനുശേഷം അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു(വെങ്കിലും)

سَبْعَةُ أَبْحُرٍ = (വേറെ) സപ്ത സാഗരങ്ങൾ مَّا نَفِدَتْ = വറ്റിയില്ല (എഴുതിത്തീരുന്നതല്ല)

كَلِمَاتُ اللَّهِ = അല്ലാഹുവിന്റെ വചനങ്ങൾ إِنَّ اللَّهَ عَزِيزٌ حَكِيمٌ = നിശ്ചയം, അല്ലാഹു അജയ്യനും അഭിജ്ഞനുമത്രെ

ഈ സൂക്തത്തിന്റെ അവതരണം സംബന്ധിച്ച് ഇബ്നുജരീറും ത്വബരിയും ഇപ്രകാരം നിവേദനം ചെയ്തിരിക്കുന്നു: ''വേദക്കാർ ആത്മാവിനെക്കുറിച്ച് നബി(സ)യോട് ചോദിച്ചു. അപ്പോൾ
وَيَسْأَلُونَكَ عَنِ الرُّوحِ ۖ قُلِ الرُّوحُ مِنْ أَمْرِ رَبِّي وَمَا أُوتِيتُم مِّنَ الْعِلْمِ إِلَّا قَلِيلًا
'അവർ റൂഹിനെക്കുറിച്ച് നിന്നോട് ചോദിക്കുന്നുണ്ടല്ലോ. പറയുക, റൂഹ് എന്റെ നാഥന്റെ കാര്യത്തിൽപെട്ടതാകുന്നു. തുഛമായ അറിവേ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ' (17:85) എന്ന സൂക്തം അവതരിച്ചു. അവർ ചോദിച്ചു: ഞങ്ങൾക്ക് തുഛമായ ജ്ഞാനമേ ലഭിച്ചിട്ടുള്ളൂ എന്നു വാദിക്കുകയാണോ? ഞങ്ങൾക്ക് തൗറാത്ത് ലഭിച്ചിരിക്കെ, അത് മഹാ ജ്ഞാനമാണ്. وَمَن يُؤْتَ الْحِكْمَةَ فَقَدْ أُوتِيَ خَيْرًا كَثِيرًا ۗ (ജ്ഞാനം ലഭിച്ചിച്ചവന് പെരുത്ത നന്മ ലഭിച്ചിരിക്കുന്നു -2:269) എന്നാണല്ലോ. ഈ സന്ദർഭത്തിൽ وَلَوْ أَنَّمَا فِي الْأَرْضِ എന്ന സൂക്തം അവതരിച്ചു.''

ഈ നിവേദനം ശരിയാണെങ്കിൽ സൂക്തം അവതരിച്ചത് മദീനയിലായിരിക്കണം. നബി (സ) അത് നേരത്തേ അവതരിച്ച *ലുഖ്മാൻ* സൂറയിൽ ഈ സ്ഥലത്ത് ചേർത്തതാവാം. സൂക്തത്തിന്റെ ഉള്ളടക്കം സൂറ *അൽകഹ്ഫ്* 109-ാം സൂക്തത്തിൽ വന്നിട്ടുണ്ട്.

قُل لَّوْ كَانَ الْبَحْرُ مِدَادًا لِّكَلِمَاتِ رَبِّي لَنَفِدَ الْبَحْرُ قَبْلَ أَن تَنفَدَ كَلِمَاتُ رَبِّي وَلَوْ جِئْنَا بِمِثْلِهِ مَدَدًا ﴿١٠٩﴾

ഇവിടെ സമുദ്രം- بَحْرُ- കൊണ്ടുദ്ദേശ്യം ഭൂമിയിലെ എല്ലാ സമുദ്രങ്ങളുമാണ്. بَحْر-നു ശേഷം مِدَاد -മഷി- എന്ന പദം അനുക്തമായിട്ടുണ്ടെന്നും *അൽ കഹ്ഫി*ലെ പ്രസ്തുത സൂക്തത്തിൽനിന്നും മനസ്സിലാക്കാം. كلمة (വചനം)ന്റെ ബഹുവചനമാണ് كَلِمَاتُ. ഇതുകൊണ്ടുദ്ദേശ്യം നേരത്തേ സൂചിപ്പിച്ചപോലെ അല്ലാഹുവിന്റെ തികവിന്റെയും മികവിന്റെയും

സമ്പൂർണതയാണ്. അല്ലാഹുവിന്റെ തേജസ്സിനെയും ഗാംഭീര്യത്തെയും മഹിത ഗുണങ്ങളെയും കുറിക്കുന്ന വചനങ്ങൾ എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു, മലക്കുകൾ, പ്രവാചകന്മാർ, മറ്റു ചില സൃഷ്ടികൾ എന്നിങ്ങനെ അവന്റെ ദാസന്മാരിൽ ചിലർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന വചനങ്ങൾ എന്നാണ് മറ്റൊരു വ്യാഖ്യാനം. മുഹമ്മദിന്റെ ഈ വചനധാര താമസിയാതെ നിലച്ചുകൊള്ളും എന്ന് ഖുറൈശികൾ പറയാറുണ്ടായിരുന്നു; അതിനു മറുപടിയായിട്ടാണ് സൂക്തം അവതരിച്ചതെന്നും പ്രസ്താവമുണ്ട്. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ വീക്ഷണത്തിൽ, അല്ലാഹുവിന്റെ സത്തയുടെയും ഗുണങ്ങളുടെയും കഴിവിന്റെയും ജ്ഞാനത്തിന്റെയും ദൃഷ്ടാന്തങ്ങളാണ് كَلِمَاتُ കൊണ്ടുള്ള വിവക്ഷ. കാരണം, ദൃഷ്ടാന്തം അല്ലാഹുവിന്റെ كُن (ഭവിക്കട്ടെ) എന്ന വചനത്തിന്റെ പ്രകടനമാകുന്നു. എല്ലാ ദൃഷ്ടാന്തവും അതിന്റെ അവസ്ഥയുടെ ഭാഷയിലുള്ള വക്താവുമാകുന്നു. അതുകൊണ്ട് ദൃഷ്ടാന്തങ്ങളെ വചനങ്ങളായി വർണിച്ചിരിക്കുകയാണ്.

സാരമിതാണ്: അല്ലാഹുവിന്റെ غَنِى-യും حِكْمَة-ഉം (തികവും മികവും) പറഞ്ഞുതീർക്കാനാവാത്തതാണ്. ഭൂമിയിലുള്ള മരങ്ങളത്രയും പേനകളും സമുദ്രങ്ങളത്രയും അതുപോലെ വേറെയും അനേകം സമുദ്രങ്ങളും മഷിയും ആക്കി അല്ലാഹുവിന്റെ വചനങ്ങൾ, അഥവാ അവന്റെ മഹത്വത്തെയും ഗാംഭീര്യത്തെയും കഴിവിനെയും ജ്ഞാനത്തെയും കുറിക്കുന്ന വചനങ്ങൾ എഴുതാൻ തുടങ്ങിയാൽ അതെഴുതിത്തീരുന്നതിനു മുമ്പ് പേനകളൊക്കെയും തേഞ്ഞുപോവുകയും സമുദ്രങ്ങളൊക്കെയും വറ്റിപ്പോവുകയും ചെയ്യും. അല്ലാഹുവിന്റെ വചനങ്ങൾ എഴുതിയതിലേറെ പിന്നെയും എഴുതാൻ ബാക്കിയായിരിക്കും. നിലവിലുള്ള സമുദ്രങ്ങളെ സമുദ്രങ്ങൾ പോഷിപ്പിച്ചാലും തീരുകയില്ല. وَالْبَحْرُ يَمُدُّهُ مِن بَعْدِهِ سَبْعَةُ أَبْحُرٍ مَّا نَفِدَتْ എന്ന വാക്യത്തെ അക്ഷരാർഥത്തിലെടുത്ത് ഏഴിലധികം സമുദ്രങ്ങൾ പോഷിപ്പിച്ചാൽ എഴുതിത്തീർക്കാൻ കഴിയും എന്ന് ധരിച്ചുകൂടാ. അറബി ഭാഷയിൽ ഏഴ്, എഴുപത്, എഴുന്നൂറ് തുടങ്ങിയ സംഖ്യകൾ പെരുത്ത്, എണ്ണമറ്റ എന്ന അർഥത്തിൽ സാധാരണ ഉപയോഗിക്കാറുണ്ട്. പെരുത്ത് മഷിക്കടലുകൾ വേറെയും ഉണ്ടായാലും ദൈവികവചനം എഴുതിത്തീരുകയില്ല എന്നാണിവിടെ അർഥം. ആർക്കും ജയിക്കാനാവാത്ത, എന്തും സാധിക്കുന്ന പരമശക്തൻ- عَزِيزٌ ആണവൻ. എല്ലാ കാര്യങ്ങളും അത്യഗാധമായും അതിസൂക്ഷ്മമായും അറിയുന്ന സർവജ്ഞനുമാണ്. പ്രപഞ്ചത്തിലെ സർവചരാചരങ്ങളും സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യമാണത്. അജയ്യതയും അഭിജ്ഞതയും അല്ലാഹുവിന്റെ മൗലിക ഗുണങ്ങളാണ്. ഖുർആൻ അതിന്റെ അടിസ്ഥാന പ്രമേയങ്ങളായ തൗഹീദിനും രിസാലത്തിനും ആഖിറത്തിനും ഉള്ള ന്യായങ്ങളായി ഇടക്കിടെ അത് ഉന്നയിക്കാറുമുണ്ട്.

അല്ലാഹുവിന്റെ മഹത്വവും പരിശുദ്ധിയും കഴിവും ജ്ഞാനവും ഒരിക്കലും മനുഷ്യരോട് പറഞ്ഞു തീർക്കാനാവില്ല എന്നു പറഞ്ഞത് ആലങ്കാരികമോ അതിശയോക്തിപരമോ ആയ ശൈലിയല്ല. തികഞ്ഞ യാഥാർഥ്യമാണത്. ഒന്നാമത്, അതോർക്കാനുള്ള ആയുസ്സ് മനുഷ്യർക്കില്ല. രണ്ടാമതായി അല്ലാഹുവിന്റെ സത്തയും പൊരുളുമൊന്നും പൂർണമായി മനുഷ്യന്റെ മനസ്സിനോ ജ്ഞാനശേഷിക്കോ ഉൾക്കൊള്ളാനുമാവില്ല. നബി (സ) പ്രാർഥിക്കാറുണ്ടായിരുന്നു: سُبْحَانَكَ لَا أُحْصِي ثَنَاءً عَلَيْكَ أَنْتَ كَمَا أَثْنَيْتَ عَلَى نَفْسِكَ (അല്ലാഹുവേ, നീ പരമ പരിശുദ്ധനാകുന്നു. നിന്റെ സ്തുതി ക്ലിപ്തപ്പെടുത്താൻ എനിക്കാവില്ല. നീ തന്നെ നിന്നെ സ്തുതിച്ചിട്ടുള്ളതെങ്ങനെയാണോ അങ്ങനെയാണ് നീ). ●

مَّا خَلْقُكُمْ وَلَا بَعْثُكُمْ إِلَّا كَنَفْسٍ وَاحِدَةٍ ۗ إِنَّ اللَّهَ سَمِيعٌ بَصِيرٌ ﴿٢٨﴾

28. നിങ്ങളുടെയെല്ലാം സൃഷ്ടിയും ഉയിർത്തെഴുന്നേൽപ്പുമുണ്ടല്ലോ അതവന് ഒറ്റ ജീവിയെ സൃഷ്ടിക്കുകയും ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യുന്നതുപോലെയേയുള്ളൂ. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു.

**28**

مَّا خَلْقُكُمْ = നിങ്ങളുടെ (എല്ലാവരുടെയും സൃഷ്ടിയും) സൃഷ്ടി അല്ല

وَلَا بَعْثُكُمْ = നിങ്ങളുടെ (എല്ലാവരുടെയും) ഉയിർത്തെഴുന്നേൽപും അല്ല (ഉണ്ടല്ലോ)

إِلَّا كَنَفْسٍ وَاحِدَةٍ = ഒരൊറ്റ ജീവിയെപ്പോലെയല്ലാതെ (അവന് ഒറ്റ ജീവിയെ സൃഷ്ടിക്കുകയും ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യുന്നതുപോലെയേ ഉള്ളൂ)

إِنَّ اللَّهَ سَمِيعٌ بَصِيرٌ = തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ

മുൻ സൂക്തത്തിൽ പറഞ്ഞ പ്രകാരം അപരിമേയവും അനന്തവുമായ മഹത്വവും കഴിവും അറിവുമുള്ള അല്ലാഹുവിന് മനുഷ്യരെ സൃഷ്ടിക്കുന്നതും പിന്നെ അവനുദ്ദേശിക്കുമ്പോൾ പുനഃസൃഷ്ടിക്കുന്നതും ഒരൊറ്റ മനുഷ്യനെ സൃഷ്ടിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്നതുപോലെ അനായാസമാകുന്നു. ആദിപിതാവ് മുതൽ അന്തിമമനുഷ്യൻ വരെയുള്ളവരെയെല്ലാം അല്ലാഹു ഒറ്റയടിക്ക് ഉയിർത്തെഴുന്നേൽപിക്കും എന്നതിനെ ചിലയാളുകൾ അസംഭവ്യമായി കാണുകയും അത്ഭുതം കൂറുകയും ചെയ്തിരുന്നു. അവർക്കുള്ള മറുപടിയാണിത്. അവരോട് പറയുക: നിങ്ങൾ നിങ്ങളിലേക്കുതന്നെ നോക്കുക. നിങ്ങളെ സൃഷ്ടിക്കാൻ അവന് വല്ല പ്രയാസവും അനുഭവിക്കേണ്ടിവന്നതായി അറിയാമോ? നിങ്ങൾ പോലും അറിയാത്ത രീതിയിലാണവൻ നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങളൊരാളെ സൃഷ്ടിച്ചതുപോലെ ഒരു പ്രയാസവുമില്ലാതെയാണ് അവൻ എല്ലാവരെയും സൃഷ്ടിച്ചത്. സൃഷ്ടിയുടെ എണ്ണമോ വലിപ്പമോ അവന് ഒട്ടും

പ്രശ്നമാകുന്നില്ല. ഇതുപോലെ നിങ്ങളെ മരണാനന്തരം ഉയിർത്തെഴുന്നേൽപിക്കുന്നതും അവന് നിഷ്പ്രയാസമാണ്.

ഇവിടെ നിങ്ങളുടെ സൃഷ്ടി- خَلْقُكُمْ- എന്നു പറഞ്ഞത് മുഴുവൻ മനുഷ്യവർഗത്തിന്റെയും സൃഷ്ടി ഉദ്ദേശിച്ചാണ്. ഉയിർത്തെഴുന്നേൽപിന്റെ കാര്യത്തിലും ഉദ്ദേശിക്കപ്പെട്ടത് മുഴുവൻ മനുഷ്യരെയാണ്. كَنَفْسٍ وَاحِدَةٍ എന്ന വാക്കിൽ خَلْقِ എന്നോ بَعْثِ എന്നോ ഒരു പദം അനുക്തമായിട്ടുണ്ട്. إِلَّا كَخَلْقِ نَفْسٍ وَاحِدَةٍ എന്നോ إِلَّا كَبَعْثِ نَفْسٍ وَاحِدَةٍ എന്നോ ആണ് പൂർണ രൂപം. അല്ലാഹുവിന് ഒരു ജീവിയെ സൃഷ്ടിക്കുന്നതു പോലെയാണ് ഒരു ലോകം മുഴുവൻ സൃഷ്ടിക്കുന്നത്. അവനുദ്ദേശിക്കുന്നതെന്തും സംഭവിക്കാൻ അതു സംഭവിക്കട്ടെ എന്നു കൽപിക്കുകയേ വേണ്ടൂ. إِنَّمَا أَمْرُهُ إِذَا أَرَادَ شَيْئًا أَن يَقُولَ لَهُ كُن فَيَكُونُ (അവന്റെ കാര്യം; ഒരു സംഭവം ഉദ്ദേശിച്ചാൽ അതു സംഭവിക്കട്ടെ എന്നു കൽപിക്കുകയേ വേണ്ടൂ. ഉടനെ അതു സംഭവിക്കുന്നു- 36:82). وَمَا أَمْرُنَا إِلَّا وَاحِدَةٌ كَلَمْحٍ بِالْبَصَرِ ﴿٥٠﴾ (നമ്മുടെ കൽപന ഒരൊറ്റ ഉത്തരവു മാത്രം. ഇമവെട്ടും പോലെ, അപ്പോഴേക്കും അത് നടപ്പിലാകുന്നു- 54:50). ആദ്യം രൂപരേഖ തയാറാക്കുക, പിന്നെ ചട്ടക്കൂടുണ്ടാക്കുക, പിന്നെ അസംസ്കൃത പദാർഥങ്ങൾ ശേഖരിക്കുക, ഉപകരണങ്ങളൊരുക്കുക, അനന്തരം നിർമാണം തുടങ്ങുക തുടങ്ങി മനുഷ്യൻ അവലംബിക്കുന്ന നിർമാണ പ്രക്രിയകളൊന്നും അവന്റെ നിർമിതിക്കാവശ്യമില്ല. അല്ലാഹുവിന്റെ നിർമാണത്തെ മനുഷ്യന്റെ നിർമാണവുമായി സമീകരിച്ചു സങ്കൽപിക്കുന്നതുകൊണ്ടാണ് അവൻ മരിച്ചവരെ ഉയിർത്തെഴുന്നേൽപിക്കുന്നതിനെ വിദൂരവും അസാധ്യവുമായി കാണുന്നത്. യഥാർഥത്തിൽ അതിന് ഇത്രയേ വേണ്ടൂ: ''ഒരൊറ്റ ഗർജനം; ഉടനെ അവരൊക്കെയും ഒരു വെളിസ്ഥലത്ത് ഹാജരായിരിക്കും'' فَإِنَّمَا هِيَ زَجْرَةٌ وَاحِدَةٌ ﴿١٣﴾ فَإِذَا هُم بِالسَّاهِرَةِ ﴿١٤﴾ (79:13,14). إِنَّ اللَّهَ سَمِيعٌ بَصِيرٌ എന്ന വാക്യത്തിന് ഈ സന്ദർഭത്തിൽ രണ്ട് താൽപര്യമുണ്ട്: 1. എല്ലാവരെയും ഒറ്റയടിക്ക് സൃഷ്ടിക്കാനും മരിപ്പിക്കാനും ഉയിർപ്പിക്കാനും കഴിവുള്ള അവന് ഒരേസമയം എല്ലാവരെയും കേൾക്കാനും കാണാനുമുള്ള കഴിവുമുണ്ട്. ഒരൊറ്റ ജീവിയെ പരിപാലിക്കുന്ന ലാഘവത്തോടെ അവൻ എല്ലാവരെയും പരിപാലിച്ചുകൊണ്ടിരിക്കുന്നു. 2. ഉയിർത്തെഴുന്നേൽപിന്റെ യഥാർഥ ലക്ഷ്യമായ കർമവിചാരണയിലേക്കും രക്ഷാശിക്ഷയിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ് വാക്യം. കർമജീവിതത്തെ വിചാരണ ചെയ്യണമെങ്കിൽ ഈ ലോകത്ത് ജനിച്ചു മരിച്ച അനന്തകോടി മനുഷ്യരിൽ ഓരോരുത്തരുടെയും ജനനം മുതൽ മരണം വരെയുള്ള ചലനങ്ങളോരോന്നും കൃത്യമായി അറിഞ്ഞിരിക്കണമല്ലോ; അത്രയൊന്നും ദൈവം അറിയുന്നുണ്ടാവില്ല എന്ന് വിചാരിക്കേണ്ട. അവന്റെ കണ്ണും കാതും സദാ നിങ്ങളിലുണ്ട്. യാതൊന്നും ഒരിക്കലും അവന്റെ അറിവിനതീതമാകുന്നില്ല. വിചാരണയും വിധിയും അനായാസം നടത്താൻ തക്കവണ്ണം തെളിവുകളും സാക്ഷ്യങ്ങളും മറ്റു വിവരങ്ങളും അവന്റെ മുന്നിൽ തുറന്നുകിടപ്പുണ്ട്. ●

---

أَلَمْ تَرَ أَنَّ اللَّهَ يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ فِي اللَّيْلِ وَسَخَّرَ الشَّمْسَ وَالْقَمَرَ كُلٌّ يَجْرِي إِلَىٰ أَجَلٍ مُّسَمًّى وَأَنَّ اللَّهَ بِمَا تَعْمَلُونَ خَبِيرٌ ﴿٢٩﴾

29. നീ കണ്ടില്ലയോ, അല്ലാഹു രാവിനെ പകലിൽ കോർക്കുന്നതും പകലിനെ രാവിൽ കോർക്കുന്നതും. സൂര്യചന്ദ്രന്മാരെ കീഴടക്കിവെച്ചിരിക്കുന്നതും? എല്ലാം നിശ്ചിത അവധി വരെ ചരിച്ചുകൊണ്ടിരിക്കുന്നു. ആ അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെന്തും സൂക്ഷ്മമായി അറിയുന്നുവെന്നും മനസ്സിലാക്കുന്നില്ലയോ?

**29**

أَلَمْ تَرَ = നീ കണ്ടില്ലയോ أَنَّ اللَّهَ يُولِجُ اللَّيْلَ فِي النَّهَارِ = അല്ലാഹു രാവിനെ പകലിൽ കോർ(ചേർ)ക്കുന്നത്

وَيُولِجُ النَّهَارَ فِي اللَّيْلِ = പകലിനെ രാവിൽ കോർ(ചേർ)ക്കുന്നതും

وَسَخَّرَ الشَّمْسَ وَالْقَمَرَ = സൂര്യചന്ദ്രന്മാരെ കീഴടക്കിവെച്ചിരിക്കുന്നതും

كُلٌّ يَجْرِي = എല്ലാം ഒഴുകുന്നു, ചരിച്ചുകൊണ്ടിരിക്കുന്നു إِلَىٰ أَجَلٍ مُّسَمًّى = നിശ്ചിത അവധി(യിലേക്ക്) വരെ

وَأَنَّ اللَّهَ بِمَا تَعْمَلُونَ خَبِيرٌ = അല്ലാഹു നിങ്ങൾ ചെയ്യുന്നത് (എന്തും) അഗാധമായി അറിയുന്നു(വെന്നും മനസ്സിലാക്കുന്നില്ലയോ)

നേരത്തേ 20-ാം സൂക്തം أَلَمْ تَرَوْا (നിങ്ങൾ കണ്ടില്ലയോ) എന്ന് ബഹുവചനത്തിലാണ് സംബോധന. ഇവിടെ أَلَمْ تَرَ (നീ കണ്ടില്ലയോ ) എന്ന് ഏകവചനത്തിലും. രണ്ടു സംബോധനകളും മുഴുവൻ മനുഷ്യവർഗത്തോടുമാകുന്നു. നീ കണ്ടില്ലയോ - أَلَمْ تَرَ - എന്ന സംബോധന സംബോധിത സമൂഹത്തിലെ ഓരോ വ്യക്തിയെയും ഒറ്റക്കൊറ്റക്കായി ഉദ്ബോധിപ്പിക്കുന്നുവെന്ന ധ്വനിയുള്ളതിനാൽ കൂടുതൽ ശക്തമാണ്.

സാരമിതാണ്: നിങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന രാപ്പകലുകളെക്കുറിച്ചും അത് നിങ്ങളുടെ ജീവിതത്തിന്റെ നിലനിൽപിന് നൽകുന്ന സഹായത്തെക്കുറിച്ചും ആലോചിച്ചുനോക്കുക. രാപ്പകലുകൾക്കാധാരമായ സൂര്യചന്ദ്രന്മാരെക്കുറിച്ചും ആലോചിച്ചുനോക്കുക. എത്ര കൃത്യമായ സമയക്രമത്തിലാണ് രാപ്പകലുകൾ മാറിമാറി വന്നുകൊണ്ടിരിക്കുന്നത്! അല്ലാഹു രാപ്പകലുകൾക്ക് ഈ ക്രമവും കൃത്യതയും ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ ഭൂമി നിങ്ങൾക്ക് വാസയോഗ്യമാകുമായിരുന്നുവോ? അതിൽ കൃഷിയും നിർമാണ പ്രവർത്തനങ്ങളും സാധ്യമാകുമായിരുന്നോ? സമയവും കാലവും ഋതുഭേദങ്ങളും കണക്കാക്കാൻ കഴിയുമായിരുന്നുവോ? ഭൂമിയിൽ നിങ്ങളുടെ ജീവിതം സാധ്യമാക്കുന്നതിനു വേണ്ടി വാനലോകത്ത് സൂര്യചന്ദ്ര ഗ്രഹങ്ങളെ അവൻ നിശ്ചയിച്ച നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന വിധം സം

വിധാനിച്ചിരിക്കുന്നു. എല്ലാം ആ നിയമങ്ങൾ കണിശമായി പാലിച്ചുകൊണ്ട് അവൻ നിശ്ചയിച്ച സഞ്ചാരപഥങ്ങളിൽ ചരിച്ചുകൊണ്ടിരിക്കുന്നു. യാതൊന്നിനും അവന്റെ വ്യവസ്ഥക ളിൽനിന്ന് കടുകിട വ്യതിചലിക്കാനാവില്ല. ഇത്ര സമർഥമായും ആസൂത്രിതമായും പരസ്പരബന്ധിതമായും അഖിലാണ്ഡ ത്തെ സൃഷ്ടിച്ചു പരിപാലിച്ചുവരുന്നത് പല ദൈവങ്ങളല്ല, ഏകനായ സാക്ഷാൽ പരമേശ്വരൻ മാത്രമാണെന്ന് നിങ്ങൾ തന്നെ സമ്മതിക്കുന്നുണ്ടല്ലോ. എങ്കിൽ ആ സർവശക്തനായ ദൈവത്തിന്, മരിച്ചുപോകുന്ന നിങ്ങളെ പുനരുജ്ജീവിപ്പി ക്കാനും കഴിയേണ്ടതല്ലേ? അങ്ങനെ ഒരു പുനരുത്ഥാനവും കർമവിചാരണയും നടത്തുന്നില്ലെങ്കിൽപിന്നെ മർത്യകുല ത്തെ സൃഷ്ടിച്ചതിന്റെ ലക്ഷ്യമെന്താണ്? പ്രപഞ്ചത്തിലെ ചെറുതും വലുതുമായ ഓരോ വസ്തുവിനെയും തികഞ്ഞ ആസൂത്രണത്തോടെ ലക്ഷ്യോന്മുഖമായി സൃഷ്ടിച്ച ദൈവം മനുഷ്യനടക്കമുള്ള മൊത്തം പ്രപഞ്ചത്തെ ഒരു പാഴ്‌വസ് തുവായി സൃഷ്ടിച്ചതാണെന്നോ?!

28-ാം സൂക്തത്തിലെ اللَّهَ سَمِيعٌ بَصِيرٌ എന്ന വാക്യത്തി ന്റെ കുറേകൂടി വിശദമായ ഭാഷ്യവും ഈ സൂക്തത്തിന്റെ ആദ്യ ഖണ്ഡത്തിൽ ചൂണ്ടിക്കാട്ടിയ ദൃഷ്ടാന്തങ്ങളുടെ അ നിവാര്യ താൽപര്യവുമാണ് وَأَنَّ اللَّهَ بِمَا تَعْمَلُونَ خَبِيرٌ. അതായ ത് അതുല്യമായ ഈ സൃഷ്ടിവൈഭവത്തെയും പരിപാലന വ്യവസ്ഥയെയും കുറിച്ചാലോചിക്കുന്നവർക്ക് പ്രപഞ്ച കർ ത്താവ് തങ്ങളുടെ കർമങ്ങളെക്കുറിച്ച് അജ്ഞനാവുക സാ ധ്യമല്ലെന്ന കാര്യത്തിൽ ഒരു സന്ദേഹവുമുണ്ടാവില്ല. അവൻ ഒരു നിമിഷം അജ്ഞനോ അശ്രദ്ധനോ ആകുന്നുവെങ്കിൽ നിങ്ങളുടെ പരിപാലനം തകിടം മറിയും.

لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ (അവനെ മയക്കമോ നിദ്രയോ ബാധിക്കുന്നില്ല. ആകാശഭൂമികളിലുള്ള തൊക്കെയും അവന്റേതാകുന്നു), وَلَا يَئُودُهُ حِفْظُهُمَا (അവയു ടെ പരിപാലനം അവനെ ഒട്ടും ക്ഷീണിപ്പിക്കുന്നില്ല- 2:255). അവൻ ഈ വിധം സദാ ജാഗ്രത്തും സൂക്ഷ്മജ്ഞനുമായ പരിപാലകനാണെങ്കിൽ, ഒടുവിൽ പരിപാലിതർ തന്നോട് പുലർത്തേണ്ട നന്ദിയും കൂറും പുലർത്തിയിട്ടുണ്ടോ എന്ന് തീർച്ചയായും പരിശോധിക്കേണ്ടതാണ്.

يُولِجُ اللَّيلَ..... سَخَّرَ الشَّمْسَ...... كُلٌّ يَجْرِي..... എന്നീ വാക്യ ങ്ങൾ ഇതിനു മുമ്പ് 3:27, 22:61,65 തുടങ്ങിയ സൂക്തങ്ങളിൽ വന്നിരിക്കുന്നു. ഇനിയും പലതവണ ഈ വിഷയം ആവർ ത്തിക്കുന്നുണ്ട്. മനുഷ്യൻ അനുനിമിഷം അനുഭവിച്ചുകൊ ണ്ടിരിക്കുന്ന ദൃഷ്ടാന്തങ്ങളാണ് ഖുർആൻ ആവർത്തിച്ചനു സ്മരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആകാശഗോളങ്ങളെല്ലാം നിരന്തരം ചലിക്കുകയാണ്, ഒന്നും നിശ്ചലമായി നിലകൊ ള്ളുകയല്ല എന്നും ആവർത്തിച്ചു പറയുന്നുണ്ട്. നക്ഷത്രങ്ങ ളുടെ ചലനം നോക്കിയാണ് പൗരാണികർ ദിശ നിർണയി ച്ചിരുന്നതും ഋതുഭേദങ്ങൾ ഗണിച്ചിരുന്നതും. ഭൗമേതര ഗ്രഹങ്ങളിൽനിന്ന് നിരീക്ഷിച്ചാൽ ഭൂമിയും ഒരു ആകാശ ഗോളമാണ്. മറ്റു ഗ്രഹങ്ങളെപ്പോലെ അതും അയനം ചെ യ്യുകയാണ്. സൂറഃ *യാസീനിൽ* പറയുന്നത് كُلٌّ فِي فَلَكٍ يَسْبَحُونَ -ഓരോ ഗോളവും സ്വപഥത്തിൽ നീന്തിക്കൊണ്ടിരിക്കുന്നു- എന്നാണ്. جَرْي ഒഴുക്കും سبح നീന്തലുമാണ്. പൊതുവായ അർഥത്തിൽ രണ്ടും സഞ്ചാരമാകുന്നു. ●

---

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ ﴿٣٠﴾

30. അല്ലാഹു മാത്രമാകുന്നു സാക്ഷാൽ സത്യമെന്നതി നാലും അവനെ വെടിഞ്ഞ് നിങ്ങൾ പ്രാർഥിക്കുന്നതൊ ക്കെയും മിഥ്യകളായതിനാലും അല്ലാഹു തന്നെയാണ് അത്യുന്നതനും ഏറ്റവും വലിയവനും എന്നതിനാലു മാണിതൊക്കെയും.

**30**

ذَٰلِكَ = അത് (ഇതൊക്കെയും) بِأَنَّ اللَّهَ هُوَ الْحَقُّ = അല്ലാഹു മാത്രമാകുന്നു സാക്ഷാൽ സത്യം എന്നതിനാലും

وَأَنَّ مَا يَدْعُونَ مِن دُونِهِ = അവനല്ലാതെ നിങ്ങൾ പ്രാർഥിക്കുന്നത് (ഒക്കെയും)

الْبَاطِلُ = മിഥ്യകളായതിനാലും وَأَنَّ اللَّهَ هُوَ = അല്ലാഹു തന്നെയാണ്

الْعَلِيُّ الْكَبِيرُ = അത്യുന്നതനും ഏറ്റവും വലിയവനും എന്നതിനാലും (ആണിതൊക്കെയും)

ഈ സൂക്തം ഇതേ പദങ്ങളിൽ *അൽഹജ്ജ്* 62-ാം സൂക്തമായി വന്നിരിക്കുന്നു. അവിടെയും തൊട്ടു മുമ്പുള്ള 61-ാം സൂക്തത്തിൽ രാപ്പകൽഭേദം ചൂണ്ടിക്കാ ണിച്ച ശേഷമാണിത് വന്നിരിക്കുന്നത്. ഈ സന്ദർഭത്തിൽ ഇതിന്റെ ആശയമിതാണ്: പ്രപഞ്ചത്തിന്റെ പ്രവർത്തനത്തിൽ കാണപ്പെടുന്ന തികഞ്ഞ വ്യവസ്ഥാപിതത്വവും കൃത്യനി ഷ്ഠയും പരസ്പരപൂരകത്വവും കുറിക്കുന്നത് ആരാധനക്ക ർഹനായ സത്യദൈവം അല്ലാഹു മാത്രമാണെന്നാകുന്നു. അവന്റെ ഹസ്തത്തിലാണ് സകലമാന പ്രാപഞ്ചിക വസ് തുക്കളുടെയും കടിഞ്ഞാണിരിക്കുന്നത്. പ്രപഞ്ചപാലനത്തിൽ അവനല്ലാത്ത ദൈവങ്ങൾക്ക് വല്ല സ്വാധീനവുമുണ്ടായിരു ന്നുവെങ്കിൽ അത് ഇത്രത്തോളം ഭദ്രവും കണിശവുമായ നിയമങ്ങൾ പാലിച്ച് പ്രവർത്തിക്കുകയോ നിലനിൽക്കുകയോ ചെയ്യുമായിരുന്നില്ല. لَوْ كَانَ فِيهِمَا آلِهَةٌ إِلَّا اللَّهُ لَفَسَدَتَا (വാനഭുവന ങ്ങളിൽ അല്ലാഹുവല്ലാത്ത ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ രണ്ടും നശിച്ചുപോയിട്ടുണ്ടാകുമായിരുന്നു- 21: 22). സമയ നിഷ്ഠയോടെ രാപ്പകലുകളുളവാക്കുകയും അതിനു സഹാ യകമായ വിധത്തിൽ സൂര്യചന്ദ്രാദി ഗ്രഹങ്ങളുടെ ഭ്രമണപ ഥങ്ങളും ഗതിവേഗങ്ങളും സംവിധാനിക്കുകയും ചെയ്യുന്നുവെന്നത് നിയന്താവായ അല്ലാഹുവിന്റെ ഏകത്വ ത്തെയെന്ന പോലെ അവന്റെ അത്യൗന്നത്യത്തെയും അപാ ര മഹത്വത്തെയും വിളിച്ചോതുന്നുവെന്നാണ് أَنَّ اللَّهَ.... الْكَبِيرُ എന്ന സൂക്ത സമാപനത്തിന്റെ താൽപര്യം. ●